# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 12.04.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1.) ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും അഭിവൃദ്ധിയും വികസനവും ലക്ഷ്യമിട്ടുള്ളതാണ് കേന്ദ്ര സർക്കാരിൻറെ നയമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi says, spirit of service and resolve to uplift poor and deprived is the policy of the government.

2.) വ്യാപാര കരാറുകളുടെ സമയപരിധി പാലിക്കുന്നതിനായി ദേശീയ താൽപ്പര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ കഴിയില്ലെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

Piyush Goyal Asserts National Interest Takes Precedence Over Trade Agreement Deadlines.

3.) ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഭീകരവിരുദ്ധ സഹകരണത്തെ അഭിനന്ദിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

EAM SJaishankar Applauds India-US Counterterrorism Cooperation

4.) 2026 ലെ തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ സഖ്യം പ്രഖ്യാപിച്ച് ബിജെപിയും എഐഎഡിഎംകെയും. സ്വാഗതം ചെയ്ത് ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി.

BJP and AIADMK announce alliance for 2026 Tamil Nadu Assembly elections. Senior BJP Leader and PM Narendra Modi Welcomes the Move.

5.) കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിട നിർമാണ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയാകും.

**Chief Minister Pinarayi Vijayan to Lay Foundation Stone for Vadakara District Hospital in Kozhikode; MoS George Kurian to Attend as Chief Guest.**

6.) **ISSF ഷൂട്ടിങ് ലോകകപ്പിന്റെ ആദ്യ പാദത്തിൽ, ഇന്ത്യക്ക് രണ്ടാം സ്ഥാനം. ISL ഫുട്ബോൾ ഫൈനലിൽ ഇന്ന് മോഹൻ ബഗാൻ - ബെംഗളൂരു എഫ്.സി പോരാട്ടം.**

**India Secures Second Place in First Leg of ISSF Shooting World Cup; Mohun Bagan to Face Bengaluru FC in ISL Final Today.**

&&&&&&&&&&&&&&&&

## PRESIDENT VISIT

പോർച്ചുഗൽ - സ്ലൊവാക്യ സന്ദർശനം വിജയകരമായി പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ ന്യൂഡൽഹിയിൽ തിരിച്ചെത്തി. ദ്വിരാഷ്ട്ര സന്ദർശനത്തിനിടെ ഇരു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഉന്നതതല യോഗങ്ങളിൽ രാഷ്ട്രപതി പങ്കെടുത്തു. പോർച്ചുഗലും - സ്ലൊവാക്യയും തമ്മിലുള്ള ഇന്ത്യയുടെ അടുത്ത ബന്ധം വിശാലമായ ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തത്തിന് വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE 2

## GOYAL-FTAs

വ്യാപാര കരാറുകളുടെ സമയപരിധി പാലിക്കുന്നതിനായി ദേശീയ താൽപ്പര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ കഴിയില്ലെന്ന് കേന്ദ്ര മന്ത്രി

പിയൂഷ് ഗോയൽ. ഇരുഭാഗത്തും പ്രയോജനകരമാകുന്നതാകണം വ്യാപാര കരാറുകളെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന 9-ാമത് ആഗോള സാങ്കേതിക ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമേരിക്ക പോലുള്ള പങ്കാളിത്ത രാഷ്ട്രങ്ങളുമായി ആഗോള വ്യാപാര ബന്ധം പുനർനിർമ്മിക്കുന്നതിൽ ഇന്ത്യയ്ക്ക് മുന്നിലുള്ള അവസരങ്ങൾ ശ്രീ ഗോയൽ എടുത്തുപറഞ്ഞു.

&&&&&&&&&&&&&&&&

## DGFT-HELPDESK

വ്യാപാര രംഗത്ത് ഉയർന്ന് വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ട് 'ആഗോള താരിഫ് - വ്യാപാര ഹെൽപ്ഡെസ്ക്' പ്രവർത്തനക്ഷമമാക്കി കേന്ദ്രസർക്കാർ. ഇറക്കുമതി - കയറ്റുമതി വെല്ലുവിളികൾ, വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ, ബാങ്കിംഗ് തുടങ്ങിയവ ഹെൽപ്ഡെസ്ക് കൈകാര്യം ചെയ്യുമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. വ്യാപാരികൾക്ക് dgftedi@nic.in എന്ന ഇമെയിൽ വിലാസത്തിലോ 1800-111-550 എന്ന ടോൾ ഫ്രീ നമ്പറിലോ പരാതികൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&

## HEADLINE 1

## PM VISIT (INTRO)

ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും അഭിവൃദ്ധിയും വികസനവും ലക്ഷ്യമിട്ടുള്ളതാണ് കേന്ദ്ര സർക്കാരിൻറെ നയമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മധ്യപ്രദേശിലെ ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പാവപ്പെട്ടവരുടെ ജീവിതം സുഗമമാക്കുന്നതിന് പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന, ആയുഷ്മാൻ യോജന, പ്രധാനമന്ത്രി ആവാസ് യോജന തുടങ്ങിയ

വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്നും ശ്രീ മോദി വ്യക്തമാക്കി.

(വോയിസ്....)

ഇന്നലെ ഉത്തർപ്രദേശിലെ വാരാണസി സന്ദർശിച്ച പ്രധാനമന്ത്രി 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും തുടക്കം കുറിച്ചു.

&&&&&&&&&&&&&&&&

## INDIA-ASEAN

ആസിയാൻ-ഇന്ത്യ വ്യാപാര ചരക്ക് കരാറിന്റെ സംയുക്ത സമിതി യോഗം ഇന്നലെ ന്യൂഡൽഹിയിൽ സമാപിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയും ആസിയാനും തമ്മിൽ ഉഭയകക്ഷി വ്യാപാരം 121 ബില്യൺ ഡോളറിലെത്തിയതായി കേന്ദ്ര വാണിജ്യ മന്ത്രാലയം അറിയിച്ചു. രാജ്യത്തിന്റെ ആഗോള വ്യാപാരത്തിന്റെ 11 ശതമാനത്തോളം വരുന്ന ആസിയാൻ രാജ്യങ്ങൾ, ഇന്ത്യയുടെ പ്രധാന വ്യാപാര പങ്കാളിയാണെന്നും യോഗം വിലയിരുത്തി.

&&&&&&&&&&&&&&&&

## HEADLINE 3

## JAISHANKAR-RUBIO

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഭീകരവിരുദ്ധ സഹകരണത്തെ അഭിനന്ദിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. 2008 മുംബൈ ഭീകരാക്രമണത്തിന്റെ മുഖ്യ സൂത്രധാരനായ തഹാവൂർ ഹുസൈൻ റാണയെ കൈമാറിയത് സംബന്ധിച്ച യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുടെ സമൂഹ മാധ്യമ കുറിപ്പിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

ആക്രമണത്തിലെ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിൽ വലിയ ചുവടുവയ്പ്പാണ് ഇതെന്ന് ശ്രീ ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&

## TN- AMIT SHAH

തമിഴ്നാട്ടിൽ എഐഎഡിഎംകെ വീണ്ടും എൻഡിഎയിൽ ചേർന്നു. ചെന്നൈയിൽ AIADMK അധ്യക്ഷൻ എടപ്പാടി പളനിസാമിയുടെ സാന്നിധ്യത്തിൽ ബിജെപി മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷായാണ് പ്രഖ്യാപനം നടത്തിയത്. എടപ്പാടിയുടെ നേതൃത്വത്തിൽ 2026ലെ നിയമസഭ തെരഞ്ഞെടുപ്പിനെ നേരിടുമെന്ന് ശ്രീ അമിത് ഷാ അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE 4

## PM MODI-AIADMK

NDA സഖ്യകക്ഷികളുമായി ചേർന്ന് തമിഴ്നാടിനെ പുരോഗതിയുടെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുമെന്ന് ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി. എൻഡിഎയിൽ ചേരാനുള്ള എഐഎഡിഎംകെയുടെ തീരുമാനത്തെ അദ്ദേഹം സ്വാഗതം ചെയ്തു. തമിഴ്നാടിന്റെ പുരോഗതിക്കൊപ്പം തമിഴ് സംസ്കാരം സംരക്ഷിക്കാനുള്ള ഉത്തരവാദിത്തവും എൻ ഡി എ സർക്കാർ നിറവേറ്റുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE 5

## KOZHIKODE HOSPITAL - CM

കോഴിക്കോട് വടകര ജില്ലാ ആശുപത്രി കെട്ടിട നിർമാണ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിശിഷ്ടാതിഥിയാകും. കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ ഉൾപ്പെടുത്തിയാണ് നിർമാണം നടത്തുന്നത്.

&&&&&&&&&&&&&&&&

## WAVES-MUSIC COMPETITION

അടുത്ത മാസം 1 മുതൽ 4 വരെ മുംബൈയിൽ നടക്കാനിരിക്കുന്ന WAVES ഉച്ചകോടിയുടെ ഭാഗമായുള്ള 32 മത്സരങ്ങളിൽ ഒന്നായ തീം മ്യൂസികിലെ വിജയികളെ പ്രഖ്യാപിച്ചു. ആറ് വിജയികളെയാണ് തിരഞ്ഞെടുത്തത്. ഇന്ത്യയുടെ വൈവിധ്യമാർന്ന സംഗീത മേഖലയിലെ പ്രതിഭകളെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് മത്സരത്തിന്റെ ലക്ഷ്യമെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&

## MUMBAI WAVES ( INTRO)

രാജ്യത്തെ സർഗ്ഗാത്മക മേഖല സമ്പദ്‌വ്യവസ്ഥയിൽ മഹാരാഷ്ട്രയും മുംബൈയും നിർണായക സ്ഥാനം വഹിക്കുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ലോക ദൃശ്യ ശ്രവ്യ ഉച്ചകോടി -WAVES-ന്റെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 100-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു. സർഗ്ഗാത്മക രംഗത്ത് പ്രവർത്തിക്കുന്നവരോട് WAVES2025 ന്റെ ഭാഗമാകാൻ ചലച്ചിത്രനടൻ മോഹൻലാൽ അഭ്യർത്ഥിച്ചു.

( വോയിസ്.... )

&&&&&&&&&&&&&&&&

**HEADLINE 6**

## ISSF WORLD CUP 2025

അർജന്റീനയിൽ നടന്ന ISSF ഷൂട്ടിങ് ലോകകപ്പിന്റെ ആദ്യ പാദത്തിൽ, ഇന്ത്യക്ക് രണ്ടാം സ്ഥാനം. 4 സ്വർണ്ണം, 2 വെള്ളി, 2 വെങ്കലം എന്നിവയുൾപ്പെടെ ആകെ 8 മെഡലുകളാണ് ഇന്ത്യ നേടിയത്. ചൈനയാണ് ഒന്നാം സ്ഥാനത്ത്. ISSF ലോകകപ്പിന്റെ രണ്ടാം ഘട്ടം നാളെ പെറുവിലെ ലിമയിൽ ആരംഭിക്കും.

&&&&&&&&&&&&&&&&

**HEADLINE 6 A**

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ 11-ാം സീസണിൻറെ ഫൈനൽ ഇന്ന്. കലാശപ്പോരിൽ കരുത്തരായ മോഹൻ ബഗാനും ബംഗളൂരു എഫ്സിയും ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇതുവരെ 13 തവണ ബംഗളൂരുവും മോഹൻ ബഗാനും നേർക്കുനേർ എത്തിയപ്പോൾ പത്തിലും ജയം ബഗാനൊപ്പമായിരുന്നു.

&&&&&&&&&&&&&&&&

## IPL CRICKET

ഐ പി എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ചെന്നൈ സൂപ്പർ കിംഗ്സിനെ എട്ടു വിക്കറ്റിന് പരാജയപ്പെടുത്തി. ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈയെ

ബാറ്റിംഗിനയച്ചു. നിശ്ചിത ഓവറിൽ 9 വിക്കറ്റിന് 103 റൺസാണ് ചെന്നൈ നേടിയത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ കൊൽക്കത്ത പതിനൊന്നാമത്തെ ഓവറിൽ തന്നെ ലക്ഷ്യം നേടി.

&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ കടലാക്രമണത്തിനു സാധ്യത. ആലപ്പുഴ തീരത്ത് നാളെ ഉച്ച വരെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&

## VISHU SPECIAL TRAIN

വിഷുക്കാലത്തെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ബംഗളുരു SMVT സ്റ്റേഷനിൽ നിന്ന് എറണാകുളം വരെയും തിരിച്ചും പ്രത്യേക ട്രെയിൻ സർവ്വീസ് ഏർപ്പെടുത്തി ദക്ഷിണ റെയിൽവേ. ഇന്ന് വൈകിട്ട് SMVT ബംഗളുരുവിൽ നിന്നും സർവീസ് ആരംഭിക്കും. തിരിച്ച് ഈ മാസം 14 ന് എറണാകുളത്ത് നിന്ന് സർവ്വീസ് നടത്തുന്ന രീതിയിലാണ് ക്രമീകരണം.

&&&&&&&&&&&&&&&&

## HANUMAN JAYANTI

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് ഹനുമാൻ ജയന്തി ആഘോഷിക്കുന്നു. ഹനുമാന്റെ ജനനത്തെ അനുസ്മരിക്കുന്ന ദിനമാണിത്. ദേശീയ തലസ്ഥാനത്ത് ഉൾപ്പടെ ഹനുമാൻ ക്ഷേത്രങ്ങളിൽ പുലർച്ചെ മുതൽ തിരക്ക് അനുഭവപ്പെട്ടു.

&&&&&&&&&&&&&&&&

## WB-WAQF PROTESTS

പശ്ചിമ ബംഗാളിൽ, പുതിയ വഖഫ് നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രക്ഷോഭം രൂക്ഷം. മുർഷിദാബാദ് ജില്ലയിൽ നടന്ന റാലിക്കിടെ പ്രതിഷേധക്കാരും പോലീസും തമ്മിൽ സംഘർഷമുണ്ടായി. അതേസമയം, പുതിയ വഖഫ് നിയമത്തെക്കുറിച്ച് ചർച്ച ചെയ്യാൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ഈ മാസം 16 ന് മതമേലധ്യക്ഷന്മാരുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## CHINA - US - TARIFF

യുഎസ് ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ 84 ശതമാനം അധിക തീരുവ 125 ശതമാനമായി ഉയർത്തി ചൈന. ചൈനയ്ക്ക് മേൽ യുഎസ് അമിത തീരുവ ചുമത്തുന്നത് അന്താരാഷ്ട്ര സാമ്പത്തിക, വ്യാപാര നിയമങ്ങളുടെ ഗുരുതര ലംഘനമാണെന്ന് ചൈനീസ് ധനകാര്യ മന്ത്രാലയം പറഞ്ഞു. ചൈനീസ് ഉത്പന്നങ്ങളുടെ തീരുവ 145 ശതമാനമായി ഉയർത്താനുള്ള യുഎസ് നീക്കത്തിന് പിന്നാലെയാണ് ചൈനീസ് നടപടി.

&&&&&&&&&&&&&&&&

## REV IRAN US TALKS

പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും പുതിയ ആണവ കരാറിൽ എത്തിച്ചേരുന്നതിനായി ഇറാനും അമേരിക്കയും ഇന്ന് ഒമാനിൽ നിർണായക ചർച്ചകൾ ആരംഭിക്കും. ഇറാനിയൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി നയിക്കും. ചർച്ചകളിൽ യുഎസ്

പ്രതിനിധി സ്റ്റീവ് വിക്കോഫ് പങ്കെടുക്കും. ഒമാനി വിദേശകാര്യ മന്ത്രി ബദർ അൽ-ബുസൈദി മധ്യസ്ഥത വഹിക്കും.

&&&&&&&&&&&&&&&&
&&&&&&&&&
&&&